2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പോലീസ് സേനയിലെ സംഘടനാ പ്രവർത്തനം

4 (*724) ഡോ. കെ. ടി. ജലീൽ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ സംഘടനാപ്രവർത്തനം നിരോധിക്കേണ്ടതാണെന്ന ഹൈക്കോടതി നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിലുള്ള നിലപാട് വെളിപ്പെടുത്താമോ ;

(സി) സേനയിലെ സംഘടനാ പ്രവർത്തനംമൂലം രാഷ്ട്രീയ കൊലപാതക കേസ്സുകളിൽ കാര്യക്ഷമമായ അന്വേഷണം നടക്കുന്നില്ലെന്ന പരാമർശം നടത്താനിടയായ കേസന്വേഷണങ്ങൾ ഏതൊക്കെയായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) പോലീസ് സംവിധാനത്തെ രാഷ്ട്രീയപ്രേരിതമായി ദുരുപയോഗപ്പെടുത്തുന്നുവെന്ന ആക്ഷേപം പോലീസ് സേനയ്ക്ക് അവമതിപ്പുളവാക്കിയിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) പോലീസ് സേനാംഗങ്ങളുടെ സംഘടനാ പ്രവർത്തനം സംബന്ധിച്ച ഹൈക്കോടതി നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പോലീസ് സംഘടനാ പ്രവർത്തനം സേനയുടെ അച്ചടക്കത്തിനും വിശ്വാസ്യതക്കും വിഘാതം വരാത്ത രീതിയിലായിരിക്കണം നടത്തിക്കൊണ്ടു പോകേണ്ടത് എന്നതാണ് സർക്കാർ നിലപാട്.

(സി) പരിശോധിച്ചുവരുന്നു. കണ്ണൂർ ജില്ലയിലെ മനോജ് വധക്കേസുമായി ബന്ധപ്പെട്ട് പയ്യോളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 84/12 കേസിന്റെ തുടരന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബോധിപ്പിച്ച ഒരു പൊതു താൽപര്യ ഹർജി (W.P.(C) 3151/14) പരിഗണിക്കവെയാണ് പോലീസ് സേനയിലെ സംഘടനാ പ്രവർത്തനത്തെ സംബന്ധിച്ച് ബഹു. ഹൈക്കോടതി വാക്കാലുള്ള ഇത്തരം ഒരു പരാമർശം നടത്തിയിട്ടുള്ളത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി നിഷ്പക്ഷമായ പ്രവർത്തനമാണ് പോലീസ് സേന നടത്തിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly